# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2552 19.06.2013-ൽ മറുപടിയ്ക്ക്**

**പട്ടികജാതി യുവാക്കൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾക്കായി വായ്പകൾ**

**ചോദ്യം** **ഉത്തരം**

ശ്രീ. എം. ഹംസ

**ശ്രീ. എ.പി. അനിൽകുമാർ**
**(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | പട്ടികജാതി യുവാക്കൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾക്കായി സഹകരണ/ ഷെഡ്യൂൾ/ നാഷണലൈസ്ഡ് ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ തൊഴിൽ സംരംഭങ്ങൾ നഷ്ടത്തിലായ കാരണം തിരിച്ചടയ്ക്കുവാൻ കഴിയാതെ പോവുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത വായ്പകൾ തിരിച്ചടവിൽ നിന്നും ഒഴിവാക്കി നൽകുന്നതിനായി എന്തെല്ലാം സഹായങ്ങൾ ചെയ്യുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) & (സി) | സ്വയം തൊഴിൽ പദ്ധതി പ്രകാരം അഭ്യസ്തവിദ്യരായ പട്ടികജാതിക്കാർക്ക് ലഭ്യമാകുന്ന ബാങ്ക് വായ്പയുടെ മൂന്നിലൊന്ന് ഭാഗം സബ്സിഡിയായി നൽകുന്ന പദ്ധതി വകുപ്പിൽ നിലവിലുണ്ട്. ലോണിന്റെ തുകയും തിരിച്ചടവിന്റെ കാലാവധിയും നിശ്ചയിക്കുന്നത് ബന്ധപ്പെട്ട ബാങ്കാണ്. പ്രസ്തുത വായ്പകൾ തിരിച്ചടവിൽ നിന്നും ഒഴിവാക്കി നൽകുന്നതിനായുള്ള പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | അത്തരം വായ്പകൾ തിരിച്ചടയ്ക്കുവാൻ കഴിയാത്ത യുവാക്കൾക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി എന്തെല്ലാം സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | | |

Sali KJ

**സെക്ഷൻ ഓഫീസർ**